27

# "നിന്റെ നാമം മഹത്വപ്പെടുത്തേണമേ"

## (12:9- 50)

മൂന്നു വൃക്ഷങ്ങളെക്കുറിച്ചുള്ള ഒരു മനോഹരമായ പഴങ്കഥ നിരവധി ഭാഷകളിൽ വന്നിട്ടുള്ളതാണ്. ഈ മൂന്നു വൃക്ഷങ്ങൾ വളർന്നു കൊണ്ടിരുന്നത് പർവ്വതത്തിന്റെ മുകളിലാണ്, അപ്പോൾ അവ വളർന്നു വരുമ്പോൾ എങ്ങനെയായിരിക്കുമെന്ന് അവ സ്വപ്നം കണ്ടിരുന്നു. ഒന്നാമത്തെ വൃക്ഷം സ്വപ്നം കണ്ടത് ഡയമണ്ടുകളും, റൂബികളും ഒരിക്കൽ സമ്പാദിച്ച വിലയേറിയ മുത്തുകളുടെ നിധി സ്വരൂപിക്കും എന്നായിരുന്നു. രണ്ടാമത്തെ വൃക്ഷം സ്വപ്നം കണ്ടത് ദീർഘമായ ആവേശം ഉൾക്കൊണ്ടുകൊണ്ട് ശക്തമായ ഒരു കപ്പൽ രാജാക്കന്മാരെയും മറ്റും വഹിച്ചുകൊണ്ട് കടലിനുമുകളിൽ യാത്ര ചെയ്യുന്നതാണ്. മൂന്നാമത്തെ വൃക്ഷം പർവ്വതം വിട്ടുപോകുന്ന ചിന്ത ഒരിക്കലും ഇല്ലാതിരുന്നു. പകരം അതിന്റെ ആഗ്രഹം നേരെ ഉയരത്തിൽ, എവിടെ ആയിരിക്കുന്നുവോ അവിടെ ആളുകളെ ദൈവത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്.

വർഷങ്ങൾ കഴിഞ്ഞു, വൃക്ഷങ്ങൾ ഉയരത്തിൽ ശക്തമായി വളർന്നു. ഒരു ദിവസം മൂന്നു മരംവെട്ടുകാർ ആ പർവ്വതത്തിലേക്ക് വരുകയും അവ വെട്ടുവാനായി നോക്കുകയും ചെയ്തു. ഒരു മരം വെട്ടുകാരൻ ഒന്നാമത്തെ വൃക്ഷത്തിനടുത്തുവന്നു പറഞ്ഞു, "ഇതു കൊള്ളാം എനിക്ക് ആവശ്യം ഈ വൃക്ഷമാണ്," അങ്ങനെ അവൻ അത് മുറിച്ചിട്ടു. മറ്റൊരു വെട്ടുകാരൻ രണ്ടാമത്തെ വൃക്ഷത്തിനടുത്തെത്തി, അങ്ങനെതന്നെ പറഞ്ഞു, അവൻ അതിനെയും മുറിച്ചിട്ടു. മറ്റുള്ള മരങ്ങൾ മുറിക്കുന്നതിനുമുൻപ് മൂന്നാമത്തെ മരം മുറിപ്പുകാരൻ, ഏതെങ്കിലും വിളഞ്ഞ തടിമതിയാകുമെന്നു പറഞ്ഞു.

ഒന്നാമത്തെ വൃക്ഷം ഒരു പെട്ടിയായി രൂപം കൊള്ളുമ്പോൾ, ആ വൃക്ഷത്തിന്റെ ആഗ്രഹമായ നിധി സൂക്ഷിക്കുക എന്നത് സഫലമാകും എന്നു വിചാരിച്ചു. എങ്ങനെയായാലും, കൃഷിയിടങ്ങളിലെ മൃഗങ്ങൾക്കുള്ള തീറ്റ സംഭരിക്കുന്നതിനുള്ള, ഒന്നായി തീർന്നുവെന്നു പിന്നീട് തിരിച്ചറിഞ്ഞു. രണ്ടാമത്തെ വൃക്ഷം വലിയ കപ്പലായിത്തീരു

മെന്ന പ്രത്യാശ, ഒരു ചെറിയ ബോട്ടിനുവേണ്ടി ആ തടി ഉപയോഗിച്ചപ്പോൾ, ഒരു തടാകത്തിൽ മാത്രം തുഴയുന്നതിനായി തീർന്നു എന്നു തിരിച്ചറിഞ്ഞു. മൂന്നാമത്തെ വൃക്ഷത്തിന് ആയിരുന്നു ഏറ്റവും മോശമായ അനുഭവം. അതിനെ ചെറിയ കഷണങ്ങളായി കീറി, മറ്റ് കൊമ്പുകളുമായി ചേർത്ത് കൂമ്പാരം ഇടുകയും, മറന്നുകളയുകയും ചെയ്തു.

കാലം കഴിഞ്ഞപ്പോൾ, മൂന്നു വൃക്ഷങ്ങൾക്കും വ്യത്യസ്തമായ അനുഭവങ്ങളാണ് ഉണ്ടായത്. പെട്ടിയായിത്തീർന്ന ആ വൃക്ഷം ഒരു യുവദമ്പതികൾ സത്രത്തിൽ ഇടം കിട്ടായ്കയാൽ, തങ്ങളുടെ കുട്ടിയെ കിടത്തുവാൻ ഉപയോഗിച്ചു. അവർ പെട്ടിയിൽ പുതിയ വയ്ക്കോൽ ഇടുകയും അതിനെ ഒരു തൊട്ടിലാക്കുകയും ചെയ്തു. ആ വൃക്ഷം പുതിയ ശിശുവിനെ വഹിച്ചപ്പോൾ ലോകത്തിലെ ഏറ്റവും വലിയ നിധിയെയാണ് താൻ വഹിച്ചത് എന്നുതിരിച്ചറിഞ്ഞു. ഒരു ബോട്ടായിത്തീർന്ന വൃക്ഷം ആ തടാകത്തിൽ കൊടുങ്കാറ്റുണ്ടായപ്പോൾ ഒരു രാത്രി ആളുകളെ വഹിച്ചുകൊണ്ടുപോയി. അതിലുണ്ടായിരുന്ന എല്ലാവരും മുങ്ങി നഷ്ടപ്പെടുമെന്ന ഭയവുമുണ്ടായി, എന്നാൽ അതിൽ ഉറങ്ങിക്കിടന്ന ഒരു യാത്രക്കാരൻ ഉണർന്നു കാറ്റിനോടു സംസാരിക്കുകയും, പറഞ്ഞത്, "ശാന്തമാകുക! അടങ്ങുക!" തടാകം ഉടനെ ശാന്തമായപ്പോൾ ബോട്ടിന് മനസ്സിലായി താൻ വഹിച്ചത് രാജാക്കന്മാരുടെ രാജാവിനെ ആയിരുന്നു എന്ന്. മൂന്നാമത്തെ വൃക്ഷം ആ കൂമ്പാരത്തിൽനിന്ന് ഒരു ദിവസം മാറ്റപ്പെടുകയും രക്തമൊഴുകുന്ന ഒരു മനുഷ്യന്റെ ചുമലിൽ വച്ചുകൊണ്ട് വീഥികളിലൂടെ നടത്തുകയും ജനങ്ങൾ അവനെ ക്രൂശിക്കുവാനായി ആക്കുകയും ചെയ്തു. ഒരിക്കൽ നഗരത്തിനുപുറത്ത്, ആ മനുഷ്യൻ ആ മരത്തിൽ ആണി അടിക്കുകയും ക്രൂശിച്ച ആ മനുഷ്യൻ മരിക്കയും ചെയ്തു. ഇങ്ങനെ പോയപ്പോൾ, മൂന്നാമത്തെ വൃക്ഷത്തിന് വേദനയുണ്ടായി. കാരണം ആ മനുഷ്യനോട് അവർ ചെയ്തത് ഭക്തിവിരുദ്ധമായ പ്രവൃത്തിയായിരുന്നു. എല്ലാം ദൈവത്തിലേക്ക് വിരൽ ചൂണ്ടുവാൻ ആഗ്രഹിച്ചതായിരുന്നു. മൂന്നുദിവസം കഴിഞ്ഞ്, ലോകം മാറി: ആ നിമിഷം മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തപ്പോൾ, മൂന്നാമത്തെ വൃക്ഷം ആളുകൾ അതിലേക്ക് നോക്കുമ്പോഴെല്ലാം, അന്നുമുതൽ അവർ ദൈവത്തെ കുറിച്ച് ചിന്തിക്കുമെന്ന് തിരിച്ചറിഞ്ഞു! മൂന്ന് വൃക്ഷങ്ങൾക്കും വ്യത്യസ്തമായ സ്വപ്നങ്ങളും പ്രത്യാശകളുമായിരുന്നു ഉണ്ടായിരുന്നത് എങ്കിലും ഓരോന്നും ദൈവത്തിന് മഹത്വം കൊടുത്തു.

"മഹത്ത്വം," നാം കണ്ടതുപോലെ, യോഹന്നാന്റെ സുവിശേഷത്തിലെ മുഖ്യ വിഷയമാണ്. ഈ സുവിശേഷത്തിൽ മുൻപ്, യോഹന്നാൻ എഴുതി, "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെയിടയിൽ പാർത്തു, ഞങ്ങൾ അവന്റെ തേജസ്സ് പിതാവിൽ നിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു" (1:14). "തേജസ്സുള്ള" എന്ന ക്രിയ യോഹന്നാന്റെ സുവിശേഷത്തിൽ ഇരുപത്തി – മൂന്ന് പ്രാവശ്യം കാണുന്നു, "തേജസ്സ്" എന്ന നാമം പതിനെട്ടുപ്രാവശ്യവും കാണുന്നു. തീർച്ചയായും, യേശുവിന്റെ ജീവിതത്തെ തേജസ്സിൽ കേന്ദ്രീകരിച്ചു കൊണ്ടാണ് യോഹന്നാൻ രേഖപ്പെടുത്തിയത്!

## **ദൈവത്തിന്റെ തേജസ്സും യേശുവും**

നമ്മുടെ വേദഭാഗം തുടങ്ങുമ്പോൾ, പെസഹാപെരുന്നാൾ ആഘോഷിക്കുന്നതിലും യേശുവിന്റെ വരവ് പ്രതീക്ഷിക്കുന്നതിലും യെരുശലേം ആവേശതിമർപ്പിൽ ആയിരുന്നുവെന്ന് നാം കാണുന്നു. അവൻ എങ്ങനെ വരും? അവൻ എന്തുചെയ്യും? ഇപ്രാവശ്യം അവരുടെ നീണ്ട - കാത്തിരിപ്പായ മശിഹയും യിസ്രായേലിന്റെ രാജാവുമാണ് അവൻ എന്ന് ഇപ്രാവശ്യം പ്രഖ്യാപിക്കുമോ? എല്ലാവരും യേശുവിനെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നു.

യേശു യെരുശലേമിലേക്കുവരുന്ന ദിവസമെത്തിയപ്പോൾ, അവൻ നഗരത്തിലേക്ക് പ്രവേശിക്കുമ്പോൾ അവനെ എതിരേൽക്കുവാൻ വലിയൊരു പുരുഷാരം പോയി. ഇലകളും കുരുത്തോലകളും വീശി അത്യുച്ചത്തിൽ, "ഹോശന്നാ! യിസ്രായേലിന്റെ രാജാവായി, *കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ* എന്ന് ആർത്തു" (12:13; എംഫസിസ് മൈൻ), അവർ യേശുവിന് ഒരു രാജാവിന്റെ സ്വീകരണം നൽകി. സെക്കരിയാവ് 9:9 ലെ പ്രവചനം നിറവേറ്റി, യേശു ഒരു കഴുതക്കുട്ടിയുടെ പുറത്തുകയറി യെരുശലേമിലേക്ക് നീങ്ങി. യോഹന്നാൻ രേഖപ്പെടുത്തിയത് യേശുവിന്റെ ശിഷ്യന്മാർക്ക് സംഭവിച്ചതിന്റെ പ്രാധാന്യമൊന്നും "യേശുവിന് തേജസ്കരണം" നടക്കുന്നതുവരെ മനസ്സിലായില്ല (യോഹന്നാൻ 12:16). തേജസ്, നാം വീണ്ടും, യേശുവിന്റെ ജീവിതത്തിലെ ഓരോ സന്ദർഭങ്ങളിലും, പ്രത്യേകിച്ച് ഉയർന്ന രീതിയിൽ ക്രൂശിലും കാണുന്നു. ലോകം എല്ലായ്പ്പോഴും തേജസ്സിനെ അധികാരവും, പ്രസിദ്ധിയും, ധനവും അടങ്ങുന്നതായിട്ടാണ് കാണുന്നത്, എന്നാൽ ദൈവത്തിന്റെ മഹത്വം കാണുന്നത് വ്യക്തമായും സ്നേഹം, താഴ്മ, ക്രൂശിലെ ത്യാഗം എന്നിവയിലാണ്.

പിന്നെ ചില യവനന്മാർ[1] ഫിലിപ്പോസിനോടു പറഞ്ഞു, "യജമാനനേ, ഞങ്ങൾക്ക് യേശുവിനെ കാണ്മാൻ താല്പര്യമുണ്ട് എന്നു പറഞ്ഞു" (12:21). ഫിലിപ്പോസ് അന്ത്രിയോസിന്റെ അടുക്കൽപോയി അവർ രണ്ടുപേരും ചേർന്ന് യവനന്മാർ പറഞ്ഞത് യേശുവിനെ അറിയിച്ചു. യേശു പറഞ്ഞു, "മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വന്നിരിക്കുന്നു" (യോഹന്നാൻ 12:23). പറയുന്ന "തേജസ്" ക്രൂശിനെ സൂചിപ്പിച്ചാണ്. ഇത് താഴെ കാണുന്ന വാക്യങ്ങളിൽ വ്യക്തമാണ്, ഇവിടെ യേശു ഒരു ഗോതമ്പുമണി നിലത്ത് വീഴുകയും അത് ചാകുകയും ചെയ്യുന്നില്ലെങ്കിൽ അതിന് ഫലം കൊടുക്കുവാൻ കഴിയുകയില്ല. തന്റെ ക്രൂശീകരണത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, യേശു തന്റെ ശിഷ്യന്മാരോട് തന്റെ ധ്യാനവും ത്യാഗവും മാതൃകയാക്കുവാൻ പറഞ്ഞു. അവർ അങ്ങനെ ചെയ്താൽ, അവൻ സൂചിപ്പിച്ചത്, പിതാവ് അവരെ ബഹുമാനിക്കുന്നു.

മുൻപുപറഞ്ഞ വാക്യങ്ങളിലെ സംഭാഷണം നമ്മെ യേശുവിന്റെ പ്രാർത്ഥനയായ, വാക്യം 28 ലേക്ക് കൊണ്ടുവരുന്നു: "പിതാവേ, നിന്റെ നാമത്തെ മഹത്ത്വപ്പെടുത്തേണമേ." ആ സമയത്ത്, സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദം പുറപ്പെട്ടു, "ഞാൻ മഹത്ത്വപ്പെടുത്തിയിരിക്കുന്നു, ഇനിയും മഹത്ത്വപ്പെടുത്തും" (12:28). പുരുഷാരത്തിൽ ചിലർ വിചാരിച്ചത് ഇടി

വെട്ടി എന്നായിരുന്നു. മറ്റുചിലർ അവകാശപ്പെട്ടത് അതു ദൂതന്മാരുടെ ശബ്ദം കേട്ടു എന്നാണ്. അവരുടെ നിമിത്തം സംസാരിച്ച ശബ്ദമത്രേ കേട്ടതെന്ന് യേശു അവരോടു പറഞ്ഞു. പിതാവായിരുന്നു, തീർച്ച യായും, സംസാരിച്ചത്. അവൻ സൂചിപ്പിച്ച തേജസ്സ്, വീണ്ടും, പ്രാഥമി കമായി ക്രൂശിലേതായിരുന്നു. യേശുതന്റെ ജീവിതത്തിൽ പറഞ്ഞതും ചെയ്തതും പിതാവിനെ മഹത്വപ്പെടുത്തുന്നതായിരുന്നു, എന്നാൽ ഏറ്റവും വലിയ മഹത്വം, ഏതാനും നാളുകൾക്കുശേഷം യേശു ക്രൂശിൽ തറയ്ക്കപ്പെടുകയും മൂന്നാം നാൾ ഉയിർക്കപ്പെടുകയും ചെയ്തപ്പോൾ സംഭവിച്ചു. ഇത് ക്രൂശിനെക്കുറിച്ചാണ് യേശു സംസാ രിച്ചതെന്ന് അവൻ വ്യക്തമാക്കി, "ഞാനോ, ഭൂമിയിൽ നിന്ന് ഉയിർത്ത പ്പെട്ടാൽ എല്ലാവരേയും എങ്കലേക്ക് ആകർഷിക്കുമെന്ന് ഉത്തരം പറ ഞ്ഞു" (12:32). യോഹന്നാൻ പറഞ്ഞു, "ഇതു താൻ മരിപ്പാനുള്ള മര ണവിധം സൂചിപ്പിച്ചുപറഞ്ഞതത്രേ" (12:33).

ആളുകൾ യേശുവിനെക്കുറിച്ച് "ന്യായപ്രമാണത്തിൽ വായിച്ചു കേട്ട" തിനെക്കുറിച്ച് യേശുവിനോട് ചോദിക്കയുണ്ടായി (12:34). നൂറു കണക്കിനുവർഷങ്ങൾക്കുമുൻപ് സീനായി പർവ്വതത്തിൽവച്ച് യിസ്രാ യേൽ ദൈവത്തിന്റെ ശബ്ദം കേൾക്കുകയുണ്ടായി.[2] ഇടി, മിന്നൽ, കാഹ ളനാദം, ഉയരുന്ന പുക എന്നിവയോടുകൂടി യിസ്രായേൽ ദൈവത്തിന്റെ മഹത്ത്വം അല്പം കണ്ടു. ഇപ്പോൾ ആ വർഷങ്ങൾക്കുശേഷം യേശു വിനെ അവർ ശ്രദ്ധിച്ചുനോക്കിയപ്പോൾ ദൈവതേജസ്സ് കൂടുതലായി കണ്ടു. ഉടനെ അവർ മുൻപു കണ്ടിട്ടില്ലാത്ത വിധം യേശുവിന്റെ ക്രൂശീ കരണത്തിനും ഉയിർപ്പിനുംശേഷം അവനിൽ വെളിപ്പെടുന്ന തേജസ് അധികമായി അവർ കാണും!

രാജാവിന്റെ സ്വീകരണത്തോടുകൂടി യേശു യെരുശലേമിൽ പ്രവേ ശിക്കയും അവൻ സംസാരിക്കയും ചെയ്തത് ഈ അധ്യായത്തിൽ രേഖപ്പെടുത്തിയശേഷം യേശുപുരുഷാരത്തിൽനിന്ന് വാങ്ങിപ്പോയി മറ ഞ്ഞു. അവൻ അവരോടു സത്യം പറയുകയാലും അവന്റെ വ്യക്തി ത്വം വെളിപ്പെടുത്തുകയാലും അവൻ ചെയ്ത അടയാളങ്ങളുടെ ശക്തി യാലും, യേശുവിന് കുഴപ്പം നേരിടുകയാലും ആളുകൾ വിശ്വസിക്കു ന്നതിൽ പരാജയപ്പെട്ടു. യെശയ്യാവ് പറഞ്ഞതുപോലെ യോഹന്നാൻ ആളുകളുടെ വിശ്വാസക്കുറവ് കണ്ടു: "*ഞങ്ങൾ കേൾപ്പിച്ചതു ആർ വിശ്വസിച്ചിരിക്കുന്നു? യഹോവയുടെ ഭുജം ആർക്കു വെളിപ്പെട്ടിരി ക്കുന്നു?*" (യശയ്യാവ് 53:1; എംഫസിസ് മൈൻ); "*ഈ ജനം, കണ്ണു കൊണ്ടു കാണുകയോ ചെവി കൊണ്ടു കേൾക്കയോ ഹൃദയം കൊണ്ടു ഗ്രഹിക്കയോ മനസ്സുതിരിഞ്ഞു സൗഖ്യം പ്രാപിക്കയോ ചെയ്യാതെ ഇരി ക്കേണ്ടതിന്ന് നീ അവരുടെ ഹൃദയം തടിപ്പിക്കയും അവരുടെ ചെവി മന്ദമാക്കുകയും അവരുടെ കണ്ണ് അടച്ചുകളയുകയും ചെയ്തു*" (യെ ശയ്യാവ് 6:10; എംഫസിസ് മൈൻ). യോഹന്നാൻ എഴുതി, "യെശയ്യാവ് അവന്റെ തേജസ്സ് കണ്ടു അവനെക്കുറിച്ച് സംസാരിച്ചതുകൊണ്ടാകുന്നു ഇതു പറഞ്ഞത്" (12:41). ഇവിടെ ഈ അദ്ധ്യായത്തിൽ നാലാം പ്രാവ ശ്യമാണ്, "തേജസ്സ്" ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നി വയെ സൂചിപ്പിക്കുന്നു.

## ദൈവതേജസും നാമും

തന്നെക്കുറിച്ചും ദൈവതേജസിനെക്കുറിച്ചും ഈ അധ്യായത്തിൽ യേശു വിവരിച്ചശേഷം, ഈ "തേജസ്സ്" നമ്മുടെ ജീവിതത്തിൽ നമ്മെ എങ്ങനെ ബാധിക്കുമെന്ന് വ്യക്തവും നേരിട്ടുള്ളതുമായ സന്ദേശം നൽകുന്നു. യേശു തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "മനുഷ്യപുത്രൻ തേജസ്കരിക്കപ്പെടുവാനുള്ള നാഴിക വരുന്നു" (12:23). അവൻ തന്റെ അനിവാര്യമായ മരണത്തെക്കുറിച്ച് സൂചിപ്പിച്ചു (12:24) പിന്നെ പറഞ്ഞു,

> തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും; ഇഹലോകത്തിൽ തന്റെ ജീവനെ പകയ്ക്കുന്നവൻ അതിനെ നിത്യജീവന്നായി സൂക്ഷിക്കും. എനിക്ക് ശുശ്രൂഷ ചെയ്യുന്നവൻ എന്നെ അനുഗമിക്കട്ടെ; ഞാൻ ഇരിക്കുന്നേടത്ത് എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; എനിക്കു ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കും (12:25, 26).

ഈ ഭാഗത്തിലെ ഒഴുകുന്ന ചിന്ത ഇതാണ്: ക്രിസ്തു തേജസ്കരിക്കപ്പെടുവാൻ ഇരിക്കുന്നു. എങ്ങനെയായാലും, ഒരാളുടെ പ്രതീക്ഷയ്ക്കു വിരുദ്ധമായി അവൻ തേജസ്കരിക്കപ്പെടുവാൻ മരിക്കേണ്ടിയിരിക്കുന്നു. അതുപോലെ യേശുവിന്റെ അനുയായികൾ നിത്യജീവൻ ലഭിക്കുവാനും ദൈവത്തിന്റെ തേജസ്സ് ലഭിക്കുവാനും അവരുടെ അഹങ്കാരം, സ്വാർത്ഥത ലോകസ്നേഹം എന്നിവ ദൈവത്തെ അനുസരിക്കുവാൻ "മരിപ്പിക്കണം."

യേശു തന്റെ അനുയായികളോട് 12:25, 26-ൽ പറഞ്ഞിരിക്കുന്നതും രഹസ്യവിശ്വാസികൾ ഈ അദ്ധ്യായത്തിൽ പിന്നീട് ചെയ്തതും തമ്മിൽ പ്രകടമായ അന്തരം കാണുന്നുണ്ട്:

> എന്നിട്ടും പ്രമാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു; പള്ളിഭ്രഷ്ടർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റുപറഞ്ഞില്ല താനും. അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു (12:42, 43).

വാക്യം 43-ൽ രണ്ടുപ്രാവശ്യം തർജ്ജിമ ചെയ്തതായ "മാനം" എന്ന വാക്ക് ഗ്രീക്കിൽ *ടോക്സാ* എന്നാണ്. ഈ പാഠത്തിൽ നാം വിശദീകരിച്ച വേദ ഭാഗത്തിലെ "തേജസ്സ്" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതും അതേ വാക്കിൽ നിന്നാണ്. യോഹന്നാൻ സൂചിപ്പിച്ചത്, ഭീരുക്കളായ വിശ്വാസികൾ അവരുടെ വിശ്വാസത്തെ രഹസ്യമാക്കിവെക്കുവാൻ കാരണം അവർ "ദൈവമഹത്വത്തെക്കാൾ മനുഷ്യരുടെ മഹത്വം ഇഷ്ടപ്പെട്ടു!" മനുഷ്യരുടെ മഹത്വം അഹങ്കാരം, അധികാരം, സ്വയ - സംരക്ഷണം, സ്വാർത്ഥ - ഉയർച്ച എന്നിവയാകുന്നു; ദൈവത്തിന്റെ മഹത്വം താഴ്മയിലും, ത്യാഗത്തിലും, സ്വയം - ത്യജിക്കലിലും ആണ് നന്നായി കാണപ്പെടുന്നത്.

പിന്നീട് തന്റെ സുവിശേഷത്തിൽ, യോഹന്നാൻ യേശു പത്രൊസിനോടു പറഞ്ഞ ഒരു അസാധാരണ പ്രവചനം രേഖപ്പെടുത്തി:

> ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു; നീ യൗവനക്കാരൻ ആയിരുന്നപ്പോൾ നീ തന്നേ അര കെട്ടി ഇഷ്ടമുള്ളേടത്തു നടന്നു; വയസ്സനായ ശേഷമോ നീ കൈ നീട്ടുകയും മറ്റൊരുത്തൻ നിന്റെ അരകെട്ടി നിനക്കു ഇഷ്ടമില്ലാത്ത ഇടത്തേക്കു നിന്നെ കൊണ്ടുപോകുകയും ചെയ്യും എന്നു പറഞ്ഞു (21:18).

യോഹന്നാൻ വിശദമാക്കി, "അതിനാൽ അവൻ ഇന്നവിധം മരണം കൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തും എന്നു അവൻ സൂചിപ്പിച്ചു" (21:19). വീണ്ടും, ഈ സുവിശേഷത്തിന്റെ ഉപദേശത്തിൽ തേജസ്സും ത്യാഗവും ഒത്തുചേർന്നിരിക്കുന്നതു കാണാം!

ക്രിസ്ത്യാനികൾ ദൈവനാമ മഹത്വത്തിനായി ജീവിക്കണം. നമ്മെ സംബന്ധിച്ച എല്ലാം ദൈവമഹത്വം പ്രതിഫലിപ്പിക്കുന്നതായിരിക്കണം (1 കൊരിന്ത്യർ 10:31). വർഷങ്ങളായി, പലരും ദൈവനാമ മഹത്വത്തിനു വലിയ ദൈവാലയങ്ങളും രാജത്വങ്ങളും അവന്റെ നാമത്തിൽ പണിതിട്ടുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ യേശു ദൈവമഹത്വം വെളിപ്പെടുത്തിയിരിക്കുന്നതു നിസാരമായ സൗമ്യ പ്രവൃത്തിയിലൂടെയാണ് എന്നു കാണാം. ഇന്നു ദൈവമഹത്വം നന്നായികാണുന്നതു സ്നേഹം, ത്യാഗപൂർണ്ണമായ പ്രവൃത്തികളിലൂടെയാണ്, അതു പക്ഷെ ലോകം ശ്രദ്ധിക്കുകയില്ല:

> അമ്മക്കു തന്റെ കുഞ്ഞിനോടു തോന്നുന്ന സ്നേഹവായ്പ് ദൈവമഹത്വത്തെ വെളിപ്പെടുത്തുന്നു.
>
> പ്രായമായ രക്ഷകർത്താവിനെയോ അല്ലെങ്കിൽ അയൽക്കാരനെയോ സംരക്ഷിക്കുന്നതു ദൈവ നാമം വെളിപ്പെടുത്തലാണ്.
>
> വിഷമിച്ചിരിക്കുന്ന ഒരാളെ ശ്രദ്ധിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നതു ദൈവമഹത്വം വെളിപ്പെടുത്തുകയാണ്.
>
> നിങ്ങളുടെ വിവാഹത്തിൽ വിശ്വസ്തതയും ദയയും പുലർത്തുന്നതു ദൈവനാമം മഹത്വപ്പെടുത്തലാണ്.
>
> ഒരാളുടെ ആവശ്യത്തിൽ അയാളെ സഹായിക്കുന്നതു ദൈവത്തെ വെളിപ്പെടുത്തലാണ്.

മഹാന്മാരായിരുന്ന ഉപദേഷ്ടാക്കന്മാരെക്കുറിച്ചു പറയുന്ന ഒരദ്ധ്യാപകൻ എന്റെ സ്കൂളിൽ ഉണ്ടായിരുന്നു. "ഇന്നുള്ള ഏറ്റവും വലിയ പ്രസംഗം നിങ്ങൾ ഒരിക്കലും കേട്ടിട്ടില്ലാത്തവർ പ്രസംഗിച്ചതും അവിടെ നിങ്ങൾക്ക് ആയിരിക്കുവാൻ കഴിഞ്ഞിട്ടില്ലാത്തതുമാകുന്നു." യോഹന്നാൻ 12ൽ യേശു പഠിപ്പിച്ചതിനോടു ആ ശക്തമായ അഭിപ്രായം യോജിക്കുന്നു!

ആസ്ത്രേലിയൻ കവിയായിരുന്ന വിക്ടർ ഡാലേ മരണാവസ്ഥയിലായി ആസ്പത്രിയിൽ കിടന്നപ്പോൾ വളരെ കാര്യമായി ശുശ്രൂഷിക്കപ്പെട്ടു. ദൈവകൃപയാൽ അയാൾ അവസാനം ചെയ്തതു എന്താ

ണെന്നു ചോദിച്ചു. ഡാലേ പറഞ്ഞു, "*നിങ്ങൾ* ദൈവകൃപയില്ലേ?" അയാൾ ശരിയാണെന്നു ഞാൻ വിശ്വസിക്കുന്നു. അതുപോലെ, നിങ്ങളും ഞാനും ദൈവമഹത്വം കാണുകയും ലഭിക്കുകയും ചെയ്തു, ഇനി നാം അവന്റെ മഹത്വം *ആകണം.* താഴ്മയിൽ, ത്യാഗപൂർണ്ണമായ സേവനത്തിൽ, നാം നമ്മുടെ ലോകത്തിൽ കാണപ്പെടുന്ന ദൈവമഹത്വമായി തീരണം.

### ഉപസംഹാരം

ആ മൂന്നു വൃക്ഷങ്ങൾക്കും അവ ദൈവത്തിനു എന്തായിത്തീരണം എന്ന മഹത്തായ സ്വപ്നങ്ങൾ ഉണ്ടായിരുന്നു. വിരോധാഭാസമായി, അന്നു സംഭവിച്ചതു മുറിച്ചു, അറുത്തു കഷണങ്ങളാക്കി, അവ ദൈവ മഹത്വത്തിനായി ഉപയോഗിക്കുമോ എന്നു സംശയം തോന്നിച്ചു. യേശു തന്റെ ജീവിതത്തിൽ അവകാശപ്പെട്ടതു അതുപോലെയാണ് - നമ്മുടെ ജീവിതവും അതേ! നമുക്കു ലളിതമായി "കർത്താവേ, ഞങ്ങളുടെ ജീവിതത്തിൽ അങ്ങയുടെ നാമം മഹത്വപ്പെടുത്തുമാറാകട്ടെ" എന്നു ദിവസവും പ്രാർത്ഥിക്കാം.

---

കുറിപ്പുകൾ

[1]ഇത് ഒരു പക്ഷേ യഹൂദോപദേശത്താൽ ആകർഷിക്കപ്പെട്ട "ദൈവ - ഭയമുള്ളവർ" ആയിരിക്കാം, എന്നാൽ അവർ പരിച്ഛേദനയേൽക്കുവാൻ തയ്യാറല്ലായിരുന്നു. അതുകൊണ്ട് അവർ യെഹൂദന്മാരായി പരിവർത്തനം ചെയ്തിരുന്നില്ല. അതുകൊണ്ട്, അവർ ജാതികളായിത്തന്നെ ഇരിക്കുകയും യെരുശലേം ദേവാലയത്തിലെ ജാതികളുടെ പ്രാകാരത്തിൽ വന്നു നമസ്ക്കരിക്കുമായിരുന്നു. പിന്നെ, "യെവനന്മാർ," എന്നു ഇവിടെ പറയുന്നതിന്റെ അർത്ഥം ഗ്രീക്ക് രാജ്യത്തിൽനിന്ന് വന്നവരല്ല, മറിച്ച് "ദൈവ - ഭയമുള്ളവർ" ആണെന്ന് സൂചിപ്പിക്കുന്നു. [2]പുറപ്പാട് 20; ആവർത്തനപുസ്തകം 5:22.

© 2009 Truth for Today